3838
08.10.15

Website

06.10.15

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും മറ്റ് സർക്കാർ സ്ഥാപനങ്ങളുടേയും ലേല നിബന്ധനകളിൽ ഇ എം.ഡി, സെക്യൂരിറ്റി, സോൾവൻസി തുകകൾ മുൻകൂറായി കെട്ടിവയ്ക്കുന്നതിൽ നിന്നും എറണാകുളം ടോൾ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം, നം ഇ 1164 ന് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പി.എസ്) വകുപ്പ്**

സ.ഉ.(സാധാ)നമ്പർ. 338/2015/സഹ. തീയതി, തിരുവനന്തപുരം,19/6/2015

---

പരാമർശം:- 1) എറണാകുളം ടോൾ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അപേക്ഷ

2) സഹകരണ സംഘം രജിസ്ട്രാറുടെ 31/10/2014 തീയതിയിലെ എം.റ്റി (2) 47356/2014 നമ്പർ കത്ത്

**ഉത്തരവ്**

DB2

ലേല നിബന്ധനകളിൽ ഇ എം.ഡി സെക്യൂരിറ്റി സോൾവൻസി തുകകൾ മുൻകൂറായി കെട്ടിവക്കുന്നതിൽ നിന്നും എറണാകുളം ടോൾ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് ഇളവ് നൽകണമെന്ന പരാമർശം(1) ലെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ പരാമർശം (2) ലെ കത്തുമുഖേന സർക്കാരിൽ നൽകിയിരുന്നു.

സഹകരണ സംഘം രജിസ്ട്രാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതനുസരിച്ച് എറണാകുളം ടോൾ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആവശ്യം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും മറ്റ് സർക്കാർ സ്ഥാപനങ്ങളുടേയും ലേല നിബന്ധനകളിൽ ഇ.എം.ഡി , സെക്യൂരിറ്റി , സോൾവൻസി തുകകൾ മുൻകൂറായി കെട്ടിവയ്ക്കുന്നതിൽ നിന്നും ഒരു സഹകരണ സ്ഥാപനമെന്ന നിലയിൽ ടി സൊസൈറ്റിക്ക് ഇളവ് അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പി.വാസന്തി
ജോയിന്റ് സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്
   എറണാകുളം ടോൾ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
   കോർപ്പറേഷൻ ബിൽഡിംഗ്, കലൂർ, കൊച്ചി-17
3. ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4. ചീഫ് എഞ്ചിനീയർ ,
   പൊതുമരാമത്ത് ( റോഡ്സ് & ബ്രിഡ്ജസ്) വകുപ്പ്, തിരുവനന്തപുരം
5. ചീഫ് എഞ്ചിനീയർ
   പൊതുമരാമത്ത് ( ബിൽഡിംഗ്സ്) വകുപ്പ്, തിരുവനന്തപുരം
6. പൊതുമരാമത്ത് വകുപ്പ്
7. തദ്ദേശ സ്വയംഭരണ വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ